# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1674 18.06.2012- ൽ മറുപടിക്ക്**

## തുറമുഖ നവീകരണവും പോർട്ട് ഓപ്പറേറ്റർ നിയമനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ; ഷാഫി പറമ്പിൽ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തുറമുഖങ്ങളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, അഴീക്കൽ എന്നീ തുറമുഖങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇവയിൽ പൊന്നാനി തുറമുഖത്തിന്റെ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഓപ്പറേറ്ററെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. കൊല്ലം, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ, കൺസഷൻ എഗ്രിമെന്റ് എന്നിവയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്. ബേപ്പൂർ, ആലപ്പുഴ തുറമുഖങ്ങളുടെ വികസനത്തിനായി സമർപ്പിച്ചിട്ടുള്ള രൂപരേഖകൾ പരിഷ്കരിക്കുവാൻ നിർദ്ദേശം |

നല്കുകയും മേൽപ്പറഞ്ഞ തുറമുഖങ്ങളുടെ വികസനത്തിനായി ആഗോള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

കൂടാതെ തുറമുഖങ്ങളുടെ നവീകരണത്തിനായി ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖം.**

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി ട്രാൻസിറ്റ്ഷെഡ് (600 $m^2$), വൈദ്യുതീകരണം, ജലവിതരണം, സീവേർഡ് പുലിമുട്ടിലെ വാർഫിന്റെ നീളം കൂട്ടൽ, എന്നീ പ്രവൃത്തികൾക്കായി 400 ലക്ഷം രൂപ 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ ട്രാൻസിറ്റ്ഷെഡ് നിർമ്മാണം, ജലവിതരണം, വൈദ്യുതീകരണം എന്നിവയ്ക്കായി 170 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. സീവേർഡ് പുലിമുട്ടിലെ വാർഫ് 50 മീറ്റർ നീളം കൂട്ടുന്നതിനുള്ള 600 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**തങ്കശ്ശേരി തുറമുഖം**

തങ്കശ്ശേരി തുറമുഖത്തിന്റെ മൂന്നാംഘട്ട വികസന പ്രവൃത്തികൾക്കായി 1000 ലക്ഷം രൂപ 2012-13

ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ, ഭവന നിർമ്മാണം, ഐ.എസ്.പി.എസ് കോഡനുസരിച്ചുള്ള ചുറ്റുമതിൽ നിർമ്മാണം, യാർഡ് നിർമ്മാണം, പാസഞ്ചർ ടെർമിനൽ, ലേലപ്പുര എന്നിവയാണ് ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

തങ്കശ്ശേരി തുറമുഖത്ത് 338.25 ലക്ഷം രൂപയുടെ രണ്ടാംഘട്ട വികസന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പാസഞ്ചർ കം കാർഗോ ടെർമിനലിനായി 1450 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**<u>ബേപ്പൂർ തുറമുഖം</u>**

ബേപ്പൂർ തുറമുഖത്ത് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ പൂർത്തീകരണം, റബ്ബർ ഫെൻഡറുകൾ സ്ഥാപിക്കൽ, പാസഞ്ചർ ടെർമിനൽ, യാർഡ് റീ സർഫസിംഗ്, യാർഡ് ലൈറ്റിംഗ് എന്നീ പ്രവൃത്തികൾക്കായി 250 ലക്ഷം രൂപയുടെ പദ്ധതികളാണ് 2012-13 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഫേഷ്യാവാളിന്റെ നീളം കൂട്ടൽ, ബാക്ക്-അപ്പ് ഏരിയായുടെ പുനർ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി 48

ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും അപ്രകാരം പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ബേപ്പൂർ തുറമുഖത്തെ ഡ്രഡ്ജിംഗിനായി 820 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

**അഴീക്കൽ തുറമുഖം**

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി ട്രാൻസിറ്റ്ഷെഡ് നിർമ്മാണം, യാർഡ് വികസനം, യാർഡ് വൈദ്യുതീകരണം, സെക്യൂരിറ്റി ഹൗസ്/ഫെൻസിംഗ്, ജലവിതരണ സംവിധാനം എന്നീ പ്രവൃത്തികൾക്ക് 200 ലക്ഷം രൂപയുടെ പദ്ധതികളാണ് 2012-13 ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

വാർഫിനു പിറകിൽ യാർഡ് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി 2011-12-ൽ 115 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. കൺട്രോൾ റൂം നിർമ്മാണം, നദിയുടെ കരയിലുള്ള ഭൂമിയുടെ സംരക്ഷണം , വാർഫിനു പിറകിലുള്ള യാർഡ് നികത്തൽ, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതീകരണം എന്നിവയ്ക്കായി 270.20 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ അഴീക്കൽ തുറമുഖം

| | | | |
|---|---|---|---|
| | | | കേന്ദ്ര സഹായത്തോടെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയം ചുമതലപ്പെടുത്തിയ വിദഗ്ധർ 11.04.2012-ൽ അഴീക്കൽ പോർട്ട് സന്ദർശിക്കുകയുണ്ടായി.<br><br>വലിയതുറപാലത്തിന്റെ നവീകരണം, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം സജീവ പരിഗണനയിലാണ്. |
| (ബി) | പദ്ധതിയ്ക്കായി എന്തെല്ലാം രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്; | (ബി) | കൊല്ലം, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, അഴീക്കൽ എന്നീ തുറമുഖങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുവേണ്ടി കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്തി സാധ്യതാ പഠനം നടത്തുകയും പ്രസ്തുത തുറമുഖ വികസനത്തിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ, കൺസഷൻ എഗ്രിമെന്റ് എന്നിവ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തുറമുഖങ്ങളിൽ പോർട്ട് ഓപ്പറേറ്ററെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ? | (സി) | ഉണ്ട്. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പൊന്നാനി തുറമുഖത്ത് പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം നടപ്പിലാക്കുന്നതിനായി പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിനായി ബിഡ്സ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ |

ഫിനാൻഷ്യൽ ടെൻഡർ
തുറക്കുകയും പ്രസ്തുത
കൺസോർഷ്യവുമായി
നെഗോഷ്യേറ്റ് ചെയ്യുന്നതിന്
വേണ്ടി രൂപീകരിച്ച ബിഡ്
നെഗോസ്യേഷൻ കമ്മിറ്റിയുടെ
ശുപാർശ 07.05.2012-ൽ ചേർന്ന
എംപവേർഡ് കമ്മിറ്റി
പരിശോധിയ്ക്കുകയും
ചെയ്തിട്ടുണ്ട്. എംപവേർഡ്
കമ്മിറ്റിയുടെ
ശുപാർശയിന്മേൽ
തുടർനടപടികൾ സ്വീകരിച്ചു
വരുന്നു.

സെക്ഷൻ ഓഫീസർ